പതിനാലാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1707** 03.05.2017- ൽ മറുപടിയ്ക്ക്

## കാരുണ്യ ഫാർമസികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ബി.ഡി.ദേവസ്സി :<br>ശ്രീ. എ.എൻ.ഷംസീർ :<br>ശ്രീ. സി.കെ. ശശീന്ദ്രൻ :<br>ശ്രീ. കെ.ജെ.മാക്സി : | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)** |
| (എ) സംസ്ഥാനത്ത് ഔഷധ വില നിയന്ത്രിക്കാനായി കാരുണ്യ ഫാർമസികൾ വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) ബ്രാൻഡഡ് മരുന്നുകൾക്ക് വില വളരെ അധികമായതിനാൽ ചേരുവനാമത്തിൽ വിൽക്കുന്ന മരുന്നുകൾക്കായി കേരള ജനറിക് സ്റ്റോറുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (ബി) ഉണ്ട്. ബ്രാൻഡഡ് മരുന്നുകൾ പൊതുവിപണിയിലേതിനേക്കാൾ കുറഞ്ഞ വിലയിൽ ജനങ്ങളിലേയ്ക്കെത്തിക്കുക എന്ന സദുദ്ദേശ്യത്തോടെ ആരംഭിച്ച് ഇപ്പോൾ കേരളത്തിലുടനീളം 55-ഓളം ഫാർമസികളുമായി മുന്നേറുന്ന കാരുണ്യ ഫാർമസിയുടെ പുതിയ സംരംഭമാണ് "കേരള ജനറിക്സ്". ബ്രാൻഡഡ് നാമത്തിലല്ലാതെ രാസനാമത്തിൽ തന്നെ പൊതുവിപണിയിൽ ലഭ്യമാകുന്ന ജനറിക് മരുന്നുകൾ ബ്രാൻഡഡ് മരുന്നുകളെപ്പോലെ തുല്യഗുണ നിലവാരമുള്ളവയാണ്. ടി മരുന്നുകളിൽ കമ്പനികളുടെ മുദ്രയോ പ്രചാരണമോ നൽകാത്തതിനാൽ ഇത്തരം മരുന്നുകൾക്ക് ബ്രാൻഡഡ് മരുന്നുകളെ അപേക്ഷിച്ച് വിലകുറവാണ്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ അധീനതയിലുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ വഴി 111 ഇനം മരുന്നുകളാണ് കേരള ജനറിക്സ് വഴി വിൽക്കുവാൻ ഉദ്ദേശിക്കുന്നത്. |

| | |
|---|---|
| (സി) കാരുണ്യ ഫാർമസികൾ വ്യാപിപ്പിക്കുകയും അതിലൂടെ തന്നെ ജനറിക് മരുന്നുകൾ കൂടി വില്ക്കാനും നടപടി സ്വീകരിക്കുമോ; | (സി) തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ അഞ്ച് മെഡിക്കൽ കോളേജുകളിലും, എറണാകുളം ജനറൽ ആശുപത്രിയിലും പ്രവർത്തിക്കുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ പ്രത്യേക കൗണ്ടർ സജ്ജീകരിച്ച് നൈപുണ്യമുള്ള ഫാർമസിസ്റ്റുമാരെ സേവനദാതാക്കളാക്കി ജനറിക്സ് മരുന്നുകൾ വിൽക്കുന്നതിനായി കേരള ജനറിക്സ് എന്ന സംരംഭം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) ഡോക്ടർമാർ ബ്രാൻഡ് പേരിനുപകരം ചേരുവ നാമങ്ങൾ കുറിച്ചാലേ ഇത് പൂർണ്ണരീതിയിൽ പ്രാവർത്തികമാകുകയുള്ളൂ എന്നതിനാൽ ജനറിക് നാമം കുറിക്കണമെന്ന് ഡോക്ടർമാർക്ക് കർശന നിർദ്ദേശം നൽകുമോ? | (ഡി) ജനറിക് നാമം കുറിക്കുന്നതിന് ആരോഗ്യ വകുപ്പിലേയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലേയും ഡോക്ടർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ